**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107</u>** **<u>03-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>കാരവാൻ ടൂറിസം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാരവാൻ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചുചാട്ടമുണ്ടാക്കാൻ ടൂറിസം വകുപ്പ് നടപ്പിലാക്കിയ നവീന പദ്ധതിയാണ് കാരവാൻ ടൂറിസം.<br><br>പ്രധാനമായും രണ്ട് ഘടകങ്ങളാണ് കാരവാൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.<br><br>**ടൂറിസം കാരവാനുകൾ**<br><br>**കാരവാൻ പാർക്കുകൾ**<br><br>**<u>ടൂറിസം കാരവാനുകൾ:-</u>** വിനോദസഞ്ചാരികൾക്ക് യാത്രയ്ക്കും, താമസത്തിനും, വിശ്രമത്തിനും വേണ്ടി പ്രത്യേകം തയ്യാറാക്കിയ വാഹനങ്ങളിൽ- കാരവാനുകളിൽ- തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ അറിയപ്പെടാത്തതുമായ വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്ക് യാത്രചെയ്യാനും, കേരളത്തിന്റെ മനോഹരമായ പ്രകൃതിഭംഗി ആസ്വദിക്കാനും, യാത്രാനുഭവം നുകരാനും സാധിക്കും. പകൽ സമയത്ത് സഞ്ചരിക്കുവാനും രാത്രികാലങ്ങളിൽ താമസിക്കുവാനും വേണ്ട എല്ലാവിധ അത്യാധുനിക സൗകര്യങ്ങളോടെയുമാണ് കാരവാനുകൾ സജ്ജീകരിച്ചിരിക്കുന്നത്.<br><br>***<u>കാരവാൻ പാർക്കുകൾ:-</u>*** യാത്രചെയ്യുന്ന വിനോദസഞ്ചാരികൾക്ക് കാരവാൻ പാർക്ക് ചെയ്യുവാനും, രാത്രിയോ, പകലോ ചെലവിടാനും ആ വിനോദസഞ്ചാരകേന്ദ്രം ആസ്വദിക്കുന്നതിനും വേണ്ടി തയ്യാറാക്കുന്ന നിർദ്ദിഷ്ടസ്ഥലങ്ങളായിട്ടാണ് കാരവാൻ പാർക്കുകൾ വിഭാവനം ചെയ്തിരിക്കുന്നത്. ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ച, തൊഴിലവസരങ്ങൾ, പ്രാദേശിക വികസനം തുടങ്ങി |

| | | | |
|---|---|---|---|
| | | | സുസ്ഥിരമായ നിരവധി അവസരങ്ങൾ കാരവാൻ പാർക്കുകളിലൂടെ സാധ്യമാകും.<br><br>കാരവാൻ പദ്ധതി സംസ്ഥാന വ്യാപകമായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി കാരവാൻ ടൂറിസം നയം അംഗീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 08.10.2021 ലെ സ.ഉ(കൈ)നം.18/2021/TSM പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി സ്വകാര്യ മേഖലയുടെ സഹകരണത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും നടപ്പാക്കുന്നു. എല്ലാ മേഖലകൾക്കും ഗുണം ലഭിക്കത്തക്ക രീതിയിൽ വികേന്ദ്രീകൃതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | കാരവാൻ പാർക്ക്, കാരവാൻ സർക്യൂട്ട്, കാരവാൻ ഓപ്പറേറ്റേഴ്സ് ലൈസൻസ് തുടങ്ങിയ സംവിധാനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഇതിനകം 13 കാരവാനുകൾ വിനോദസഞ്ചാരികൾക്കായി സർവ്വീസ് തുടങ്ങുകയും രണ്ട് കാരവാൻ പാർക്കുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ബേക്കലും, എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവാൻ പാർക്കുകൾ തുടങ്ങുന്നതിന് കെ.ടി.ഡി.സിക്ക് അനുമതി നൽകിയിരുന്നു. എറണാകുളം ബോൾഗാട്ടി പാലസിൽ കാരവാൻ പാർക്കിന്റെ നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്.<br><br>കാരവാൻ സർക്ക്യൂട്ട്, കാരവാൻ ഓപ്പറേറ്റേഴ്സ് ലൈസൻസ് തുടങ്ങിയ സംവിധാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | കാരവാൻ ടൂറിസം പദ്ധതിയിൽ സ്വകാര്യ നിക്ഷേപകരുടെയും ഹോംസ്റ്റേ/റിസോർട്ട് ഓപ്പറേറ്റർമാരുടെയും പങ്കാളിത്തം ഉറപ്പാക്കാനായി പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡികളും ഇളവുകളും വിശദമാക്കാമോ; സംസ്ഥാനത്ത് എത്രപേർ ഈ പദ്ധതിക്കായി അപേക്ഷിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | കാരവാൻ ടൂറിസം നയം അംഗീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി G.O(MS).18/2021/TSM dtd.08/10/2021 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ കാരവാൻ വാങ്ങുന്ന സംരംഭകർക്ക് മുതൽ മുടക്കിന്റെ 15% അല്ലെങ്കിൽ പരമാവധി 7.5 ലക്ഷം രൂപ ഏതാണോ കുറവ് ആയത് ഇൻവെസ്റ്റ്മെന്റ് സബ്സിഡി ആയി നൽകുന്നു. കൂടാതെ GO(P)No.34/2022/Trans dated, 24/11/2022 പ്രകാരം ടൂറിസം വകുപ്പുമായി കരാറിലേർപ്പെട്ടിരിക്കുന്ന കാരവാനുകൾക്ക് ത്രൈമാസ നികുതിയിൽ 50% ഇളവ് മോട്ടോർ വാഹന വകുപ്പ് ലഭ്യമാക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് കാരവാൻ ടൂറിസവുമായി ബന്ധപ്പെട്ട കാരവാൻ വാങ്ങി വിനോദസഞ്ചാര വകുപ്പുമായി കരാറിൽ ഏർപ്പെട്ട 14 സംരംഭകർക്ക് 7.5 ലക്ഷം രൂപ വെച്ച് സബ്സിഡി നിലവിൽ നൽകിയിട്ടുണ്ട്. കൂടാതെ 04.11.2025 തീയതിയിലെ സ.ഉ.(കൈ)നം.20/2025/TSM പ്രകാരം കാരവാൻ |

| | | | |
|---|---|---|---|
| | | | ടൂറിസം നയത്തിൽ ക്യാമ്പർവാനുകളെക്കൂടി ഉൾപ്പെടുത്തി സബ്സിഡി പദ്ധതി ക്യാമ്പർവാനുകളിലേക്കും വിപുലീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സബ്സിഡി കാലാവധി 31.12.2025ന് അവസാനിച്ചിട്ടുണ്ട്. ആയതിന്റെ കാലാവധി പുതുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (ഡി) | കാരവാൻ ടൂറിസം സംസ്ഥാനത്ത് ആരംഭിച്ചതിന് ശേഷം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിലവസരം, വരുമാനം, ടൂറിസ്റ്റുകളുടെ വരവ് എന്നീ കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നൂതനമായ ടൂറിസം ഉൽപന്നമെന്ന നിലയിൽ പുതുതായി ആവിഷ്കരിച്ച കാരവാൻ ടൂറിസത്തിന് കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ച് വിദേശ സഞ്ചാരികളെ കൂടുതലായി കേരളത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകം തയ്യാറാക്കിയ കാരവാനുകളിൽ യാത്ര ചെയ്യുവാനും, സുരക്ഷിതമായ കാരവാൻ പാർക്കുകളിൽ താമസിക്കാനും സൗകര്യമൊരുക്കുന്ന കാരവാൻ പദ്ധതിക്ക് വേണ്ടത്ര പ്രചരണം നൽകുന്നതിനായി Keravan Kerala-Caravan Tourism Promotion എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പുതിയ ടൂറിസം സംരംഭമെന്ന നിലയിൽ കാരവാൻ പദ്ധതിയുടെ വരവ് തൊഴിലവസരങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ